**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5931** **28.10. 2011-ൽ മറുപടിക്ക്.**

**തീപിടുത്തം തടയുന്നതിന് സ്ഥിരം സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് മിഠായി തെരുവിൽ ഇടയ്ക്കിടെ തീപിടുത്തമുണ്ടാകുന്ന സാഹചര്യത്തിൽ തീപിടുത്തം തടയുന്നതിന് ഒരു സ്ഥിരം സംവിധാനം സൃഷ്ടിക്കുന്നതിന് അഗ്നിസേനാവിഭാഗം എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | : (എ) & (ബി)<br><br>മിഠായിതെരുവിലും പരിസരത്തുമുള്ള മൂന്ന് ഹൈഡ്രന്റുകൾ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്താനും കൂടാതെ മിഠായിതെരുവ്, പി.എം.ബാങ്ക് റോഡ്, മേലെ പാളയം റോഡ്, മൊയ്തീൻ പള്ളി റോഡ്, കോർട്ട് റോഡ്, എന്നിവിടങ്ങളിലും പുതുതായി 5 ഹൈഡ്രന്റുകൾ കൂടി സ്ഥാപിക്കാനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. മിഠായി തെരുവിലെ എല്ലാ തെരുവുകളിലും കടകളിലും നേരിട്ട് പരിശോധന നടത്തുകയും സുരക്ഷയ്ക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. മിഠായിതെരുവിലെ ഷോപ്പുടമകൾക്കും തൊഴിലാളികൾക്കും പ്രാഥമിക ഫയർ ഫൈറ്റിംഗ് ട്രെയിനിംഗ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ? | : (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ